നം - എൻ3/37734/2016/ഡി.പി.ഐ　　പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 11/07/2016

# സർക്കുലർ

വിഷയം - പൊതു വിദ്യാഭ്യാസം- നാഷണൽ സ്കീം ഓഫ് ഇൻസന്റീവ് ടു ഗേൾസ് ഫോർ സെക്കണ്ടറി എഡ്യൂക്കേഷൻ 2016-17 അർഹരായ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന - ഗവൺമെന്റ് ഓഫ് ഇന്ത്യ കത്ത് നം.1-15/2016-എസ്.എസ്. തീയതി 04/05/2016.

*******

ഭാരതസർക്കാർ 2008-09 വർഷം മുതൽ പട്ടികജാതി, പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി 'ഇൻസന്റീവ് ടു ഗേൾസ് ഫോർ സെക്കണ്ടറി എഡ്യൂക്കേഷൻ' എന്ന സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2016-17 അധ്യയനവർഷം സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ ഒൻപതാം സ്റ്റാൻഡേർഡിൽ പഠിക്കുന്നതും 16 വയസ്സ് തികയാത്തവരും അവിവാഹിതരുമായ പെൺകുട്ടികൾക്കാണ് സ്കോളർഷിപ്പിന് അർഹത. പ്രൈവറ്റ് അൺ എയ്ഡഡ് സ്കൂളുകളിലും കേന്ദ്ര ഗവൺമെന്റ് സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല.

അർഹതയുള്ള കുട്ടികൾ കോർ ബാങ്കിംഗ് സൗകര്യമുള്ള ഏതെങ്കിലും ബാങ്കിൽ സിംഗിൾ ബാങ്ക് അക്കൗണ്ട് എടുക്കേണ്ടതാണ്. കുട്ടികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ്, ബാങ്കിന്റെ പേര്, ബ്രാഞ്ചിന്റെ പേര്, ആധാർ നമ്പർ, എ.പി.എൽ/ബി.പി.എൽ ആണോ എന്നിവ ഉൾപ്പെടെ ആവശ്യപ്പെട്ടിട്ടുള്ള മറ്റുവിവരങ്ങളും www.scholarship.itschool.gov. in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് അതാത് സ്കൂളിലെ പ്രധാനാധ്യാപകരോ, അദ്ദേഹം ചുമതലപ്പെടുത്തുന്നവരോ രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി 'സമ്പൂർണ്ണ'യ്ക്ക്വേണ്ടി നൽകിയിട്ടുള്ള User name, Password എന്നിവ കൊടുത്ത് ലോഗിൻ ചെയ്യേണ്ടതാണ്. **കുട്ടികളുടെ ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി നിർബന്ധമായും ലിങ്ക് ചെയ്തിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സ്കോളർഷിപ്പ് തുക ലഭിക്കുന്നതല്ല.**

**ജൂലൈ 13 മുതൽ 30 വരെ** വിവരങ്ങൾ വെബ്സൈറ്റിൽ രേഖപ്പെടുത്താവുന്നതാണ്. അതിനുശേഷം യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല. അർഹതയുള്ള കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്താത്തതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട സ്കൂൾ പ്രധാനാധ്യാപകനായിരിക്കും.

അർഹരായ എല്ലാ കുട്ടികളുടെയും വിവരങ്ങൾ പൂർണ്ണമായും ലഭിച്ചതിനുശേഷം കൺസോളിഡേറ്റഡ് ലിസ്റ്റ് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (എൻ.എസ്.പി) മുഖേനെ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന് നൽകുകയാണ് ചെയ്യുന്നത്. പത്താം ക്ലാസ് വിജയിക്കുമ്പോൾ ടി മന്ത്രാലയം ഓരോ വിദ്യാർത്ഥിനിയുടെയും പേരിൽ 3000/- (മൂവായിരം രൂപ മാത്രം) നിക്ഷേപിക്കുന്നതും 18 വയസ്സ് പൂർത്തിയാകുന്ന മുറക്ക് ടി തുക പലിശയോടൊപ്പം ബാങ്കിൽ നിന്ന് ലഭിക്കുന്നതുമാണ്.

(മറുപുറം)

ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് പ്രധാനാദ്ധ്യാപകർ രേഖപ്പെടുത്തിയ കുട്ടികളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ക്രമീകരണം വെബ്സൈറ്റിൽ ഒരുക്കിയിട്ടുണ്ട്. ഇതിനായി 'സമ്പൂർണ്ണയ്ക്ക് ' വേണ്ടി നൽകിയിട്ടുള്ള User name, Password എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- വെബ്സൈറ്റിൽ പ്രവേശിച്ചതിനുശേഷം അർഹരായ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് കാണാവുന്നതാണ്. ടി ലിസ്റ്റിൽ അർഹരായ കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ
  ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത സ്കൂളുകളെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.
- സമയപരിധിക്കുള്ളിൽ കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലേക്കായി പ്രാധാനാധ്യാപകർക്ക് കർശന നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
- പ്രധാനാദ്ധ്യാപകർ അർഹരായ മുഴുവൻ കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയശേഷം കുട്ടികളുടെ ലിസ്റ്റിന്റെ പ്രിന്റ് എടുത്ത് പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

JIMMY K JOSE
Addl. Director of Public Instruction (Academic)
Directorate of Public Instruction
Thiruvananthapuram-14

*എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും*

*എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും*